രാജീവ് ഗാന്ധി അനുസ്മരണം ഇന്ന് ഇരുപതേക്കറിൽ

കട്ടപ്പന: രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വദിനം വിവിധ പരിപാടികളോടെ നാടെങ്ങും അനുസ്മരിക്കുന്നതിന്റെ ഭാഗമായി കോൺഗ്രസ് കട്ടപ്പന മുനിസിപ്പൽ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇരുപതേക്കറിൽ രാജീവ് ഗാന്ധിയുടെ മണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും നടത്തും. രാവിലെ 9ന് ഡിസിസി പ്രസിഡന്റ് അഡ്വ. ഇബ്രാഹിംകുട്ടി കല്ലാർ പരിപാടികൾ ഉദ്ഘാടനം ചെയ്യും. മണ്ഡലം പ്രസിഡന്റ് തോമസ് മൈക്കിൾ അധ്യക്ഷത വഹിക്കും. ഇ.എം. ആഗസ്തി അനുസ്മരണ പ്രഭാഷണം നടത്തും. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഡീൻ കുര്യാക്കോസ് മുഖ്യപ്രഭാഷണം നടത്തും. ജോണി കുളംപള്ളി, ജോയി വെട്ടിക്കുഴി, തോമസ് രാജൻ, ടി.എസ്. ബേബി, കെ. ജെ. ബെന്നി, മനോജ് മുരളി തുടങ്ങിയവർ പ്രസംഗിക്കും.

ജൈവ വൈവിധ്യ ദിനാചരണം നാളെ പട്ടയക്കുടിയിൽ

തൊടുപുഴ: അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനാചരണം 'വിത്തിന്റെ കാവലാളോടൊപ്പം ഒരു ദിനം' എന്ന വ്യത്യസ്ഥ പരിപാടിയുമായി ജൈവ വൈവിധ്യ ബോർഡ് മെയ് 22ന് പട്ടയക്കുടിയിൽ വച്ച് നടത്തുന്നു. പരമ്പരാഗത കർഷകൻ പി.ജി. ജോർജ്ജ് പുളിയംമ്മാക്കലിന്റെ കൃഷി ഫാമിൽ വച്ചാണ്. തട്ടക്കുഴ, തൊടുപുഴ, വണ്ണപ്പുറം എന്നീ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ മുഖാമുഖം പരിപാടി നടത്തുന്നത്. കോതമംഗലം ഫ്ളൈയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ. സാജു വർഗ്ഗീസ് പരിപാടി ഉദ്ഘാടനം ചെയ്യും. വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലൈല രമേശ് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും.

നഗരസഭ ആക്കുന്നതിനു മുന്നോടിയായി വാർഡുകൾ സ്വന്തം കൈപ്പിടിയിൽ ഒതുക്കാൻ സിപിഎം ശ്രമം

നെടുങ്കണ്ടം : നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്ക് പാർട്ടി തലത്തിൽ തുടക്കം കുറിച്ച് സി.പി.എം. ഗൂഢനീക്കം. വരുന്ന തദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിനു മുന്നോടിയായി നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് നഗരസഭയാകുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് ആരംഭിച്ചിരുന്നു. ഇതിനു പഞ്ചായത്ത് ഭരണ സമിതി ഐക്യകണ്ഠേന റെസ്യുലൂഷൻ പാസാക്കി സർക്കാരിനു സമർപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ 22 വാർഡും, 58000 ത്തിൽ അധികം ജനസംഖ്യയും, നാലരകോടി രൂപ പ്രതിവർഷം വരുമാനവുമുണ്ട്. ജനസംഖ്യയിലും, വരുമാനത്തിലും വർദ്ധനവ് വന്ന സാഹചര്യത്തിൽ പഞ്ചായത്ത് നഗരസഭയാക്കുന്നതിനുള്ള പ്രാഥമിക യോഗ്യത നേടിയിട്ടുമുണ്ട്. മികച്ച പഞ്ചയത്തിനുള്ള ഐ.എസ്.ഒ. സർട്ടിഫിക്കറ്റുകൾ അക്കം ലഭിച്ചിട്ടുള്ള പഞ്ചായത്തിന്റെ ഓഫീസ് സംവിധാനങ്ങൾ ഒരു നഗര സഭയോടു കിടപിടിക്കത്തക്ക രീതിയിലാണ് സജ്ജമാക്കിയിട്ടുള്ളത്. ആമപ്പാറ, രാമക്കൽമേട്, തേവാരംമെട്ട്, തൂവൽ എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങൾക്കും, തേക്കടി മൂന്നാർ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന ഇടത്താവളമായ നെടുങ്കണ്ടം ടൗണിനും നഗരസഭയാകുന്നതോടെ വൻ വികസന സാധ്യത വന്നുചേരും. തുടർച്ചയായി യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തായി മാറിയ നെടുങ്കണ്ടം പഞ്ചായത്തിനെ നഗരസഭയാക്കുന്നതോടു കൂടി തങ്ങളുടെ അധീനതയിൽ വരുത്തുന്നതിനു വേണ്ടിയാണ് സി.പി.എം. ശ്രമിക്കുന്നത്. ഭൂമിശാസ്ത്രപരമായ ഘടനകൾവെച്ചും, ദിക്കുകൾ ക്രമീകരിച്ചും വാർഡ് വിഭജനങ്ങൾ നടത്തിയാൽ മാത്രമേ വികസന പ്രവർത്തനങ്ങളും മറ്റ് ആവശ്യഘട്ടങ്ങളിലും പ്രയോജനം ലഭിക്കുകയുള്ളൂ. ഇതുമാനിക്കാതെയാണ് നഗരസഭയായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി നിലവിൽ വരുന്ന വാർഡുകൾ അശാസ്ത്രീയമായി തരം തിരിക്കാനുള്ള നടപടികൾ നേതാക്കളും, പഞ്ചായത്തിലെ ചില പാർട്ടി അനുഭാവികളായ ജീവനക്കാരും ചേർന്ന് ശ്രമിക്കുന്നത്. ഭരണസമിതിയുടെ അനുമതിയോ, നടപടികളോ പൂർത്തിയാക്കാതെ ഇതിനു വേണ്ട രേഖകൾ ജീവനക്കാർ പാർട്ടി കേന്ദ്രങ്ങളിൽ എത്തിച്ചതായാണ് ലഭിക്കുന്ന വിവരം. പ്രായോഗികമായി വാർഡുകൾ തരംതിരിച്ച് നിലവിൽ വന്നാൽ വീണ്ടും അധികരത്തിൽ വരുമെന്ന ഭയം കൊണ്ടാണ് സി.പി.എം. ഗൂഢനീക്കങ്ങൾ നടത്തുന്നത്.

രാജേഷ് ബേബി

എൻജിഒ അസോസിയേഷന് പുതിയ നേതൃത്വം

തൊടുപുഴ : കേരള എൻജിഒ അസോസിയേഷൻ ഇടുക്കി ജില്ലാ സെക്രട്ടറിയായി രാജേഷ് ബേബിയെ തെരഞ്ഞെടുത്തു. എം. ഉദയസൂര്യൻ സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഒഴിവിലാണ് നിയമനം. 1986 കെ.എസ്.യുവിലൂടെ പൊതുപ്രവർത്തനം ആരംഭിച്ചു. കെ.എസ്.യു. യൂണിറ്റ് സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയ ചുമതലകൾ വഹിച്ചു. യൂത്ത്കോൺഗ്രസ് മണ്ഡലം ഭാരവാഹിയായിരിക്കെ 25-ാം വയസിൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. എൻ.ജി.ഒ. അസോസിയേഷൻ ബ്രാഞ്ച് സെക്രട്ടറി, പ്രസിഡന്റ്, ജില്ലാ ജോയിന്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്, സംസ്ഥാന കൗൺസിൽ അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. കഴിഞ്ഞ 23 വർഷമായി വണ്ണപ്പുറം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രാമവേദി കലാ-സാംസ്കാരിക സംഘത്തിന്റെ പ്രസിഡന്റ് കൂടിയാണ്.

അപേക്ഷ ക്ഷണിച്ചു

നെടുങ്കണ്ടം എം.ഇ.എസ്. കോളേജിൽ യു.ജി.സി. സഹായത്തോടെ നടത്തുന്ന ബി.വോക്ക് അപ്ലൈഡ്, അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ എന്ന കോഴ്സിലേക്ക് കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രഫസർ ഇൻ കൊമേഴ്സ്, ഗസ്റ്റ് ലക്ചർ ഇൻ ഇംഗ്ലീഷ്, കൊമേഴ്സ്, കണക്ക് എന്നീ തസ്തികതളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ നൽകേണ്ട അവസാന തീയതി മെയ് 28, ഫോൺ 04868 232043.

ഡാം സുരക്ഷാ അതോറിറ്റി മലങ്കര ഡാമിൽ പരിശോധന നടത്തി

തൊടുപുഴ: ഡാം സുരക്ഷാ അതോറിറ്റി ചെയർമാൻ റിട്ട. ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായരും സംഘവും മലങ്കര ഡാമിൽ പരിശോധന നടത്തി. ഇന്നലെ രാവിലെ 10 നാണ് സംഘം മലങ്കരയിൽ എത്തിയത്. ഡാമിന് കാര്യമായ പ്രശ്നങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടില്ലെന്ന് പരിശോധനയ്ക്കു ശേഷം അദ്ദേഹം പ്രതികരിച്ചു. എന്നാൽ പരിശോധനയിൽ ഡാമിന്റെ മൂന്നും ആറും ഷട്ടറുകളിലെ ലീക്കേജിന് സാരമായ പ്രശ്നം സംഘം കണ്ടെത്തി. ഇതിന് അടിയന്തിര പരിഹാരം കാണണമെന്ന് അദ്ദേഹം ഉദ്യോഗസ്ഥർക്ക നിർദേശം നൽകി. ഷട്ടറുകളുടെ അടിഭാഗത്തെ റബർസീൽ കാലപ്പഴക്കത്താൽ നശിച്ചതാണ് ചോർച്ചയ്ക്ക് കാരണമെന്നും ഡാമിലെ ജലനിരപ്പ് താഴാതെ ഇത് മാറ്റിസ്ഥാപിക്കാനാകില്ലെന്നും ഉദ്യോഗസ്ഥർ സംഘത്തെ ധരിപ്പിച്ചു. നിലവിൽ ഡാമിൽ ഷട്ടറിന് മുകളിലാണ് ജലനിരപ്പ്. മൂലമറ്റം പവർ ഹൗസിൽ വൈദ്യുതോൽപാദനത്തിനു ശേഷം പുറന്തള്ളുന്ന വെള്ളവും ഇവിടെയ്ക്ക് ഒഴുകിയെത്തുന്നുണ്ട്. കനാലുകളിലൂടെ വിവിധ സ്ഥലങ്ങളിലേക്ക് വെള്ളം എത്തിക്കേണ്ടതിനാൽ ഷട്ടർ തുറന്ന് വെള്ളം തൊടുപുഴയാറ്റിലേക്ക് ഒഴുക്കി കളയാനും പറ്റാത്ത സാഹചര്യമാണ് നിലനിൽക്കുന്നതും. റബർസീൽ മാറ്റി സ്ഥാപിക്കാൻ ടെണ്ടർ പൂർത്തിയായെന്നും വൈകാതെ പണി ആരംഭിക്കാൻ കഴിയുമെന്നും ഉദ്യോഗസ്ഥർ സംഘത്തെ അറിയിച്ചു.മഴ ആരംഭിച്ച ശേഷം ഷട്ടർ തുറന്ന് വെള്ളം ഒഴുക്കിയും മൂലമറ്റത്തെ ഉൽപാദനം കുറച്ചും പണി നടത്താൻ കഴിയുമെന്നും ഉദ്യോഗസ്ഥർ വിശദീകരിച്ചു. ഇതിനു സംഘം ശേഷം കുളമാവ ഡാമും സന്ദർശിച്ചു. ഡാം സുരക്ഷാ അതോറിറ്റി അംഗങ്ങളായ ജോർജ് ജോസഫ്, പ്രൊഫ. ജയരാജ്, കെഎസ്ഇബി ചീഫ് എൻജിനീയർ ബിപിൻ ജോസഫ്, മെക്കാനിക്കൽ ചീഫ് എൻജിനീയർ വി എസ് ഷാജി, സബ് എൻജിനീയർ പി ജയ, ഇലക്ട്രിക്കൽ എൻജിനീയർ ശ്രീലത,എം വി ഐ പി എ എക്സി സിനോഷ്,അതോറിറ്റി ഉദ്യോഗസ്ഥർ തുടങ്ങിയവരും കൂടെയുണ്ടായിരുന്നു. ചൊവ്വാഴ്ച ഇടുക്കി അണക്കെട്ടും സന്ദർശിക്കും.

വിദ്യാർത്ഥികളെ കട്ടപ്പന നഗരസഭ ആദരിക്കുന്നു

കട്ടപ്പന: എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ കട്ടപ്പന നഗരസഭ ആദരിക്കുന്നു. കട്ടപ്പന നഗരസഭാ പരിധിയിൽ സ്ഥിരതാമസക്കാരായ അർഹരായ കുട്ടികൾക്ക് മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ഫോട്ടോ, ഫോൺ നമ്പർ, വാർഡ് കൗൺസിലറുടെ കത്ത് എന്നിവ സഹിതം ജൂൺ രണ്ടിന് മുൻപായി നഗരസഭാ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് നഗരസഭാ കാര്യാലയവുമായി ബന്ധപ്പെടണം.

സ്ഥലപരിമിതിമൂലം കട്ടപ്പന താലൂക്ക് ആശുപത്രിയിൽ ഇരുപതേക്കർ-പൊന്നിക്കവല റോഡരുകിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾ.

പാർക്കിങ് സ്ഥലപരിമിതിയിൽ വിയർത്ത് കട്ടപ്പന താലൂക്ക് ആശുപത്രി പരിസരം

കട്ടപ്പന: വാഹന പാർക്കിങ്ങിനുള്ള സ്ഥലപരിമിതി കട്ടപ്പന താലൂക്ക് ആശുപത്രിയിൽ എത്തുന്നവരെ വലയ്ക്കുന്നു. ദിവസേന നൂറുകണക്കിനാളുകൾ ചികിത്സ തേടി എത്തുന്ന കട്ടപ്പന താലൂക്കാശുപത്രിയിൽ വാഹന പാർക്കിങ്ങിന് സൗകര്യം ഒരുക്കണമെന്ന ആവശ്യം വിവിധ കോണുകളിൽ നിന്ന് ശക്തമായി ഉയരുകയാണ്. താലൂക്ക് ആശുപത്രിയായി ഉയർത്തിയതോടെ വിവിധങ്ങളായ വികസന പ്രവർത്തനങ്ങളാണ് കട്ടപ്പന ആശുപത്രിയിൽ നടന്നുവരുന്നത്. ഇത്തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോഴും ഇവിടെ ചികിത്സ തേടി വാഹനങ്ങളിൽ എത്തുന്നവർക്ക് പാർക്കിങ്ങിന് ഉള്ള സ്ഥലപരിമിതി പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. വാഹനങ്ങൾ കൂടുതലായി എത്തുമ്പോൾ ആശുപത്രി പരിസരത്ത് കിടക്കുന്ന മറ്റ് വാഹനങ്ങൾ തിരിച്ച് കൊണ്ടു പോകുന്നതിനും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. പാർക്കിങ്ങിന് ആശുപത്രി പരിസരത്ത് സ്ഥലം കിട്ടാതെ വരുമ്പോൾ വാഹനങ്ങൾ, ആശുപത്രിക്ക് മുന്നിലൂടെ കടന്നു പോകുന്ന ഇരുപതേക്കർ-പൊന്നിക്കവല റോഡരുകിലാണ് പാർക്ക് ചെയ്യുന്നത് .ഇത് മിക്കപ്പോഴും ഗതാഗതക്കുരുക്കിനും ഇടവരുത്തുന്നുണ്ട്. പാർക്കിങ് പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ നടപടിയെടുക്കണമെന്ന ആവശ്യം ശക്തമാണ്.

കള്ളനോട്ട് : അന്വേഷണ സംഘം തമിഴ്നാട്ടിൽ

നെടുങ്കണ്ടം : അന്വേഷണ സംഘം തമിഴ്നാട്ടിൽ. പിടിച്ചെടുത്തത് ഒർജിനിലിനെ വെല്ലുന്ന നോട്ടുകൾ. അന്ധരായവർക്കു നോട്ട് തിരിച്ചറിയാനുള്ള ബ്രെയ്ൽ ലിപിയടക്കം പിടിച്ചെടുത്ത നോട്ടുകളുടെ വശങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശനിയാഴ്ചകളിൽ തിരക്കേറിയ തൂക്കുപാലം ചന്തയിൽ സംഘം കൂടുതൽ നോട്ടുകൾ മാറിയെടുത്തതായും പൊലീസിനു സംശയമുണ്ട്. 3 കടകളിൽ ഭാസ്കരനും, ഗണപതിയുമെത്തി നോട്ട് മാറിയെടുത്തതായി പൊലീസ് കണ്ടെത്തി. തൂക്കുപാലത്തു നെടുങ്കണ്ടം പൊലീസ് പരിശോധന ശക്തമാക്കി. തമിഴ്നാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കള്ളനോട്ട് മാഫിയ സംഘത്തിലെ കണ്ണികളാണ് ഗണപതിയും, ഭാസ്കരനുമെന്നാണ് പൊലീസിന്റെ കണ്ടെത്തൽ. ഇരുവരും ചേർന്ന് ആസൂത്രിതമായി കള്ളനോട്ട് വ്യാപകമായി മാറിയെടുത്തോയെന്നും പൊലീസ് പരിശോധിച്ച് വരികയാണ്. ഇതിനായി അറസ്റ്റിലായ ഗണപതിയെ പൊലീസ് കസ്റ്റഡിയിൽ വാങ്ങി വീണ്ടും ചോദ്യം ചെയ്യും. ശനിയാഴ്ചകളിൽ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ പച്ചക്കറി വ്യാപാരം നടക്കുന്നത് തൂക്കുപാലം മാർക്കറ്റിലാണു. ഇവിടെയെത്തി സമാനമായ രീതിയിൽ കള്ളനോട്ട് മാറിയെടുത്ത സംഭവങ്ങൾ ഇതിനു മുൻപും നടന്നിട്ടുണ്ട്. ഒരേ സീരിയൽ നമ്പരിൽ ഒന്നിലധികം നോട്ടുകളാണ് ഇവരുടെ താമസ സ്ഥലത്തു നിന്നും പൊലീസ് കണ്ടെത്തിയത്. കൃത്യതയോടെ നിർമിച്ച നോട്ട് ശ്രദ്ധിച്ച് കൈകാര്യം ചെയ്താൽ മാത്രമെ കള്ളനോട്ടാണോയെന്ന് കണ്ടെത്താൻ കഴിയു. കഴിഞ്ഞ വർഷവും തമിഴ്നാട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കള്ളനോട്ട് മാഫിയ സംഘത്തെ ജില്ലാ പൊലീസ് കുടുക്കിയിരുന്നു. തമിഴ്നാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വൻ സംഘം സംസ്ഥാനം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതായ വിവരങ്ങളുണ്ട്. പിടികൂടിയ കള്ളനോട്ടുകൾ വിശദമായ പരിശോധന നടത്തിയാൽ മാത്രമെ തിരിച്ചറിയാൻ കഴിയു. കള്ളനോട്ട് നിർമാണവുമായി ബന്ധമുള്ളത് രക്ഷപെട്ട ഭാസ്കരനാണെന്നാണു പൊലീസിന്റെ കണ്ടെത്തൽ. ഇയാൾക്കായി തമിഴ്നാട്ടിലെ വിവിധ കേന്ദ്രങ്ങളിൽ പൊലീസ് തിരച്ചിൽ ആരംഭിച്ചു.

കരിയർ ഗൈഡൻസ് സെമിനാർ 24ന്

കട്ടപ്പന: ഹൈറേഞ്ച് എൻ. എസ്. എസ് യൂണിയൻ മാനവവിഭവശേഷി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ-ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും അവരുടെ രക്ഷകർത്താക്കൾക്കുമായി 24ന് പത്ത് മണിക്ക് കട്ടപ്പന ടൗൺ ഹാളിൽ കരിയർ ഗൈഡൻസ് സെമിനാർ നടത്തും. ഉന്നത വിദ്യാഭ്യാസ സാധ്യതകളും മാർഗങ്ങളും വിശദീകരിച്ചുകൊണ്ട് കരിയർ കൺസൾട്ടന്റ് ബാബു പള്ളിപ്പാട്ട് ക്ലാസ് നയിക്കുമെന്ന് എച്ച്. ആർ കോ-ഓർഡിനേറ്റർ കെ. വി വിശ്വനാഥനും യൂണിയൻ സെക്രട്ടറി കെ. ആർ ജയപ്രകാശും അറിയിച്ചു.

പടമുഖം സ്നേമന്ദിരം അഗതിമന്ദിരത്തിൽ മുരിക്കാശ്ശേരി റോട്ടറി ക്ലബ്ബ് നടത്തിയ അന്നദാന പദ്ധതി ഗവർണർ എ.വി പതി ഉദ്ഘാടനം ചെയ്യുന്നു.

മികച്ച എൻ.എസ്. യൂണിറ്റിനുള്ള അവാർഡ് നെടുങ്കണ്ടം എം.ഇ.എസ്. കോളേജിന്

നെടുങ്കണ്ടം : എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള മികച്ച എൻ.എസ്. യൂണിറ്റിനും, മികച്ച പ്രോഗ്രാം ഓഫീസർക്കുമുള്ള അവാർഡ് നെടുങ്കണ്ടം എം.ഇ.എസ്. കോളേജിന്. 2019 2019 വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് എൻ.എസ്.എസ്. യൂണിറ്റിനും, പ്രോഗ്രാം ഓഫീസർ കെ. എ. റമീനയ്ക്കും അവാർഡ് ലഭിച്ചത്. വെള്ളപൊക്ക ദുരിദാശ്വാസ പ്രവർത്തനങ്ങൾ, വിധവയ്ക്ക് സൗജന്യമായി വീട് നൽകിയത്, ക്ലീൻ നെടുങ്കണ്ടം പദ്ധതി നടപ്പിലാക്കിയത്, ജില്ലാ ജെയിലിൽ ലൈബ്രറി നിർമ്മിച്ചു നൽകിയത് തുടങ്ങി വിവിധ മേഖലകളിലെ മികച്ച പ്രവർത്തനങ്ങളാണ് കോളേജിനെ അവാർഡിന് അർഹമാക്കിയത്. പ്രളയകാലത്തും, പ്രളയാനന്തരവും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ നടത്തിയ കൗൺസിലിംഗും, ക്യാമ്പുകൾ വൃത്തിയാക്കിയതും, പ്രളയത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നതിനും,വീടുകൾ വൃത്തിയാക്കുന്നതിനും എൻ.എസ്.എസ്. യൂണിറ്റ് രംഗത്തിറങ്ങിയിരുന്നു. മുട്ടം ജില്ലാ ജയിലിൽ നിർമ്മിച്ചു നൽകിയ ലൈബ്രറി ഏറെ ശ്രദ്ധിക്കപ്പെട്ടു. കുറ്റവാളികളുടെ മാനസാന്തരത്തിനു കൂടി ജയിലുകൾ വേദിയാകണമെന്നുള്ള ആധുനിക സങ്കൽപ്പം പ്രാവർത്തികമാക്കുന്നതിനായി പ്രചോത്മനാക്മകമായ പുസ്തകങ്ങളാണ് ജയിൽ ലൈബ്രറിക്കു നൽകിയത്. 2004 2005 ൽ ഏറ്റവും മികച്ച എൻ.എസ്.എസ്. യൂണിറ്റിനും പ്രോഗ്രാം ഓഫീസർക്കുമുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡും കോളേജ് കരസ്ഥമാക്കിയിട്ടുണ്ട്

കെ. എ. റമീന

ദേശീയ ഡെങ്കിപ്പനി ദിനാചരണം സംഘടിപ്പിച്ചു

തൊടുപുഴ : നഗരസഭയിൽ ദേശീയ ഡെങ്കിപ്പനി ദിനാചരണം സംഘടിപ്പിച്ചു. മഴക്കാലത്തിനു മുൻപേ കൊതുകുനശീകരണത്തിന് ജനങ്ങളെ സജ്ജമാക്കുന്നതിനായി അയൽകൂട്ടങ്ങൾ കേന്ദ്രീകരിച്ചുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് ദിനാചരണത്തിന്റെ ഭാഗമായി തുടക്കം കുറിച്ചു. കൂത്താടി വളർച്ച സാഹചര്യം സ്വന്തം വീട്ടിലും പുരയിടത്തിലും ഇല്ല എന്ന കാര്യം ഉറപ്പിക്കേണ്ടത് ഓരോ ഉടമസ്ഥന്റെയും ഉത്തരവാദിത്ത്വം എന്ന സന്ദേശം അയൽകൂട്ടങ്ങൾ വഴി കൈമാറും. ഉറുമ്പിപ്പാലം അംഗൻവാടിയിൽ നടന്ന ദേശീയ ഡെങ്കിപ്പനി ദിനാചരണം നഗരസഭാ ചെയർപേഴ്സൺ ജെസി ആൻറണി ഉദ്ഘാടനം ചെയ്തു. ആരോഗ്യസ്ഥിരം സമിതി അദ്ധ്യക്ഷ റിനി ജോഷി അദ്ധ്യക്ഷത വഹിച്ചു. ഹെൽത്ത് സൂപ്പർവൈസർ എം.എം. സോമി, ഹെൽത്ത് ഇൻസ്പെക്ടർ സുനിൽ കുമാർ എം.ദാസ്, പീറ്റർ കെ.അബ്രാഹം, പി. എച്ച്.എൻ. സിന്ധു എൻ. എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

തൊടുപുഴ നഗരസ
ദേശീയ ഡെങ്കിപ്പനി ദിന
മെയ് 16 വ്യാഴം 2.30ന് ഉറുമ്പിപ്പാലം അംഗ

തൊടുപുഴ നഗരസഭയിൽ ദേശീയ ഡെങ്കിപ്പനി ദിനാചരണം ചെയർപേഴ്സൺ പ്രൊഫ. ജെസി ആന്റണി ഉദ്ഘാചനം ചെയ്യുന്നു.

നെയ്യശ്ശേരി ഹൈസ്കൂൾ പൂർവ വിദ്യാർത്ഥി അദ്ധ്യാപക സമ്മേളനം മെയ് 26നു

കരിമണ്ണൂർ : നെയ്യശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ പൂർവ വിദ്യാർത്ഥി അദ്ധ്യാപക സമ്മേളനം മെയ് 26 നു നടക്കും. 93 വർഷം മുൻപ് ആരംഭിച്ച സ്കൂളിലെ എല്ലാ പൂർവ വിദ്യാർത്ഥികളുടെയും പൂർവ അദ്ധ്യാപകരുടെയും ഒത്തു ചേരലാണ് ഞായറാഴ്ച നടക്കുന്നത്. ഉച്ചക്ക് 1.30 മുതൽ അഞ്ചു വരെയാണ് ഒത്തുചേരൽ ഇതോടനുബന്ധിച്ചുള്ള സമ്മേളനം പി. ജെ. ജോസഫ് എംഎൽഎ ഉത്ഘാടനം ചെയ്യും. മാനേജർ ഫാ. ജോർജ് നിരപ്പത്തു അധ്യക്ഷത വഹിക്കും. മുൻ ഹെഡ്മാസ്റ്റർ പി എ ഉതുപ്പ് പാടത്തിൽ, ഹെഡ്മാസ്റ്റർ ഷാജു, ഫാ. ആന്റണി പുത്തൻകുളം, സാബു നെയ്യശ്ശേരി, അഡ്വ. രാജീവ് പാടത്തിൽ, ടോംസൺ മാണിക്കുന്നേൽ, സി. എസ്. ഷിജു, അഖിൽകുമാർ, സുദീപ് നടക്കനാൽ, ദീപു മുണ്ടക്കൽ, തുടങ്ങി വിവിധ ആളുകൾ പ്രസംഗിക്കും. ഒത്തുചേരലിനോടനുബന്ധിച്ചു പൂർവ വിദ്യാർത്ഥി തൊമ്മൻകുത്തു ജോയി കവിത അവതരിപ്പിക്കും. ജിജി പീറ്റർ നേതൃത്വം നൽകുന്ന ഗാനമേള, വിവിധ കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും. മുഴുവൻ ബാച്ചുകളിലെയും ആളുകൾ ഒത്തു ചേരുന്ന സമ്മേളനം ആദ്യമായാണ് നടത്തുന്നത്.

ശാസ്ത്ര ലോകത്തെ കൗതുകങ്ങൾക്കു മുമ്പിൽ അമ്പരപ്പോടെ നോക്കി നിന്ന അനുഗ്രഹയ്ക്ക് ഇതു സ്വപ്ന സാക്ഷാത്കാരം

തൊടുപുഴ: ബഹിരാകാശത്ത് ചിതറിക്കിടക്കുന്ന നക്ഷത്രക്കൂട്ടങ്ങളും ഉദിച്ചുയരുന്ന ധ്രുവനക്ഷത്രവും ഉൾപ്പെടെയുള്ള ശാസ്ത്ര ലോകത്തെ കൗതുകങ്ങൾക്കു മുമ്പിൽ അമ്പരപ്പോടെ നോക്കി നിന്ന അനുഗ്രഹയ്ക്ക് ഇതു സ്വപ്ന സാക്ഷാത്കാരം. ആകാശത്തിനപ്പുറമുള്ള അനന്തമായ ലോകത്തിന്റെ ഉള്ളറകളിലെ വിസ്മയ കാഴ്ചകളുടെ ജാലകം പൂച്ചപ്ര എന്ന മലയോര ഗ്രാമത്തിലെ കൊച്ചു പെൺകുട്ടിക്കു മുമ്പിൽ തുറന്നിരിക്കുകയാണ്. യുവശാസ്ത്ര പ്രതിഭകൾക്കായി വിക്രം സാരാഭായ് സ്പേസ് സെന്റർ ഒരുക്കുന്ന പഠനക്യാമ്പിലേയ്ക്ക് കേരളത്തിൽ നിന്നുള്ള മൂന്നു പ്രതിനിധികളിൽ ഒരാളാണ് പൂച്ചപ്ര ഗവ. ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയായ അനുഗ്രഹ അനീഷ്. 29 സംസ്ഥാനങ്ങളിലെയും ഏഴു കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സ്കൂളുകളിൽ നിന്നാണ് 110 യുവ ശാസ്ത്ര പ്രതിഭകളെ ഐ.എസ്.ആർ.ഒ പഠനക്യാമ്പിലേയ്ക്ക് തെരഞ്ഞെടുത്തിരിക്കുന്നത്. ഈ ഗണത്തിൽ കേരളത്തിൽ നിന്നുള്ള ഏക പെൺതരി കൂടിയാണ് അനുഗ്രഹ. നാലാം ക്ലാസ് മുതൽ സ്കൂൾ ശാസ്ത്ര മേളകളിലും ശാസ്ത്ര കോൺഗ്രസുകളിലും മികവുറ്റ പ്രകടനം കാഴ്ച വയ്ക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അനുഗ്രഹയെ തേടി ഈ അംഗീകാരം എത്തിയിരിക്കുന്നത്. തിരുവനന്തപുരത്തു നടന്ന സംസ്ഥാന ബയോ ഡൈവേഴ്സിറ്റി കോൺഗ്രസ്, എനർജി മാനേജ്മെന്റ് സെമിനാർ തുടങ്ങിയവയിൽ അനുഗ്രഹ അവതരിപ്പിച്ച പ്രോജക്ടുകൾ ഒന്നാമതെത്തിയിരുന്നു. കൂടാതെ സംസ്ഥാനറവന്യു ജില്ലാ ശാസ്ത്രമേളകളിലും അനുഗ്രഹയുടെ ശാസ്ത്ര ലോകത്തെ പരീക്ഷണങ്ങൾ ശ്രദ്ധ നേടിയിരുന്നു. കോഴിക്കോട് വാട്ടർ റിസോഴ്സ് ഡവല്പമെന്റ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിലും ഈ യുവ പ്രതിഭ പ്രബന്ധങ്ങൾ അവതരിപ്പിച്ച് കൈയടി നേടിയിട്ടുണ്ട്. ടാക്സി ഡ്രൈവറായ പൂച്ചപ്ര മാളിയേക്കൽ അനീഷ് കുമാറിന്റെയും മൂവാറ്റുപുഴയിൽ ഇറിഗേഷൻ വകുപ്പിലെ ജീവനക്കാരി ശാലിനിയുടെയും മൂത്ത മകളാണ് അനുഗ്രഹ. ഇതോടൊപ്പം പഠനത്തിലും മറ്റു പാഠ്യേതര വിഷയങ്ങളിലും അനുഗ്രഹ ഏറെ മുമ്പിലാണ്. ആകാശത്തിനപ്പുറമുള്ള അനന്തമായ ലോകത്തിന്റെ ഉള്ളറകളിലെ വിസ്മയങ്ങൾ കൂടുതൽ പഠിക്കാനുള്ള ആവേശത്തിലാണ് അനുഗ്രഹ. കേന്ദ്ര സർക്കാരിന്റെ ' വിഷൻ ജയ് വിജ്ഞാൻ, ജയ് അനുശാന്തൻ എന്ന പദ്ധതിയുടെ ഭാഗമായാണ് ഐ.എസ്.ആർ.ഒ പഠനക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. ക്യാമ്പിന്റെ ഭാഗമായി ഐ.എസ്.ആർ.ഒയുടെ കീഴിലുള്ള വിവിധ റിസേർച്ച് സെന്ററുകളും സന്ദർശിക്കാൻ അവസരം ഉണ്ട്. കഴിഞ്ഞ 13 നു തുടങ്ങിയ ക്യാമ്പ് 25 നു സമാപിക്കും.

അനുഗ്രഹ

വാഹനങ്ങൾ ഫിറ്റ്നെസ് ടെസ്റ്റ് നടത്തണം

ഇടുക്കി : മൺസൂണിനു മുന്നോടിയായുള്ള പരിശോധനയുടെ ഭാഗമായി ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വാഹനങ്ങൾ അതത് ആർടിഒ, സബ് ആർടിഒ ഓഫീസുകളിൽ ഹാജരാക്കി ഫിറ്റ്നെറ്റ് ടെസ്റ്റിനു വിധേയമാക്കണമെന്ന് ആർടിഒ ആർ. രാജീവ് അറിയിച്ചു. ടെസ്റ്റിംഗ് ഗ്രൗണ്ട് വിവരങ്ങൾ അതത് ഓഫീസുകളിൽ നിന്നു ലഭിക്കും. ടെസ്റ്റ് നടത്തി സ്റ്റിക്കർ പതിക്കാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റാൻ അനുവദിക്കില്ല.

ഇസ്ലാം സമാധാനത്തിന്റെ മതം : യഹ്യ ബാഖവി പുഴക്കര

ഉടുമ്പന്നൂർ: സമാധാനത്തിന്റെ മതമാണ് ഇസ് ലാമെന്നും ഇസ് ലാമിനെക്കുറിച്ച് പഠിക്കാത്തതാണ് മതത്തെ വികലമായി പ്രചരിപ്പിക്കുന്നതെന്നും പ്രമുഖ പണ്ഡിതനും ഉടുമ്പന്നൂർ മുഹ് യിദ്ദീൻ ജുമാമസ്ജിദ് ചീഫ് ഇമാമുമായ യഹ് യ ബാഖവി പുഴക്കര ഉദ്ബോധിപ്പിച്ചു. ബദർ ദിന അനുസ്മരണത്തോടനുബന്ധിച്ച് ഉടുമ്പന്നൂർ മുഹ് യിദ്ദീൻ ജുമാമസ്ജിദ് പരിപാലന സമിതി സമഘടിപ്പിച്ച ബദർ അനുസ്മരണ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇസ്ലാം വാളുകൊണ്ട് പ്രചരിച്ച മതമല്ല. മുസ്ലിംകളെ തീവ്രവാദികളെന്ന് ആക്ഷേപിച്ച് ഇസ് ലാമിനെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നത് ശരിയല്ല. ലോകത്ത് സമാധാനവും സാഹോദര്യവും നിലനിർത്താൻ വേണ്ടി പരിശ്രമിച്ച മുഹമ്മദ് നബി(സ) യുടെ മാതൃകകൾ പിൻപറ്റി മുന്നേറാൻ നമുക്ക് കഴിയണം. ലോകത്ത് പൂർണ്ണ സമാധാനം ഉണ്ടാകണമെങ്കിൽ ഇസ് ലാമിക പാത മുറുകെ പിടിക്കണമെന്നും അദ്ദേഹം പറഞ്ഞു. ജമാഅത്ത് പ്രസിഡന്റ് എ.പി സിദ്ദീഖിന്റെ അധ്യക്ഷതയിൽ ജമാഅത്ത് അസിസ്റ്റന്റ് ഇമാംറിയാസ് അഹ്സനി ബദർ ദിന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂസഫ് റഹ് മാനി പ്രസംഗിച്ചു. ജമാഅത്ത് ഭാരവാഹികളായ സലിം കുഴിമുള്ളിൽ, അബ്ദുൽ കരിം പനച്ചിക്കൽ,ജാഫർ കമ്പുങ്കൽ എന്നിവർ പങ്കെടുത്തു. ബദർ ദിന അനസ്മരണ പ്രഭാഷണം ഇന്ന് രാവിലെ 10 മുതൽ ഉടുമ്പന്നൂർ ഹിദായത്തുൽ ഇസ് ലാം മദ്രസാ അങ്കണത്തിൽ നടക്കും.

അപേക്ഷകൾ മേയ് 25 വരെ സ്വീകരിക്കും

ഇടുക്കി : ഭക്ഷ്യ സുരക്ഷാ വാരാഘോഷത്തിന്റെ ഭാഗമായി മേയ് 29 നു കളക്ടറേറ്റ് ആരോഗ്യവകുപ്പ് ഹാളിൽ വിദ്യാർഥികൾക്കായി നടത്തുന്ന ക്വിസ് മത്സരത്തിന്റെ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 25 നു വൈകിട്ട് അഞ്ചുവരെയായിരിക്കും.

കൂടിക്കാഴ്ച 27 മുതൽ 31 വരെ

ഇടുക്കി : തൃശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലേക്ക് കഴിഞ്ഞ മാസം നിശ്ചയിച്ചിരുന്ന അറ്റൻഡർ ഗ്രേഡ് രണ്ടിന്റെ കൂടിക്കാഴ്ച മേയ് 27 മുതൽ 31 വരെ രാവിലെയും ഉച്ചയ്ക്കുമായി നടത്തുമെന്നു പ്രിൻസിപ്പൽ അറിയിച്ചു.

ആർടിഎ യോഗം

ഇടുക്കി : റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അടുത്ത യോഗം മേയ് 31ന് രാവിലെ 11 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

മരങ്ങൾ ലേലം ചെയ്യും

ഇടുക്കി : ഇടുക്കി കളക്ടറേറ്റിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും വിവിപാറ്റ് മെഷീനുകളും സൂക്ഷിക്കുന്നതിനും വെയർഹൗസ് നിർമിക്കുന്നതിനായി കളക്ടേറ്റ് ഇലക്ഷൻ വിഭാഗത്തോടു ചേർന്ന് കണ്ടെത്തിയ സ്ഥലത്തു നിൽക്കുന്ന മരങ്ങൾ മേയ് 30ന് രാവിലെ പത്തിന് ഇടുക്കി താലൂക്കോഫീസിൽ ലേലം ചെയ്തു വിൽക്കുന്നതാണ്.